പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2976 — 22.06.2012 ൽ മറുപടിയ്ക്ക്

## ഹൈടെക്ക് കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം.പി. വിൻസന്റ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് ഹൈടെക്ക് കൃഷിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എ) ഉണ്ട്. ഇതിനായി ബഡ്ജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കേരളത്തിലെ ഓരോ പഞ്ചായത്തിലുമുള്ള സഹകരണ ബാങ്കുകൾ, കർഷക സംഘങ്ങൾ, കർഷകർ എന്നിവർക്ക് 10 സെന്റ് ഉൾപ്പെടുന്ന സ്ഥലത്ത് ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതാണ്. ഇതിനു വരുന്ന ചെലവിന്റെ 75 ശതമാനം തുക (50 ശതമാനം കേന്ദ്രസർക്കാരും 25 ശതമാനം കേരള സർക്കാരും) ധനസഹായമായി നൽകുന്നതാണ്. കൂടാതെ ഹൈടെക് ഫാമിംഗ് ഡെമോൺസ്ട്രേഷൻ യൂണിറ്റുകളും സ്ഥാപിക്കുന്നതാണ്. പൊതുമേഖലയിൽ സ്ഥാപിക്കുന്ന ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾക്ക് 100 ശതമാനവും സ്വകാര്യമേഖലയ്ക്ക് 75 ശതമാനവും ധനസഹായമാണ് നൽകുന്നത്. പൊതുമേഖലയിൽ 21 ഡെമോൺസ്ട്രേഷൻ യൂണിറ്റുകളും സ്വകാര്യമേഖലയിൽ 63 ഡെമോൺസ്ട്രേഷൻ യൂണിറ്റുകളുമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) കേരള ഗവൺമെന്റിന്റെ ഭക്ഷ്യ സുരക്ഷാ പോളിസിയുടെ ഭാഗമായിട്ടുള്ള ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. 2012-13 സാമ്പത്തിക

| | | |
|---|---|---|
| | | വർഷത്തിൽ ഒരു പഞ്ചായത്തിൽ മൂന്ന് എന്ന തോതിൽ 978 പഞ്ചായത്തിൽ മൊത്തം 2934 ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ പൊതു മേഖലയിൽ 21 ഉം സ്വകാര്യമേഖലയിൽ 63 ഉം പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| **(സി)** | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്? | **(സി)** നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ, കേരള ഹോർട്ടിക്കൾച്ചർ മിഷൻ എന്നി സ്ഥാപനങ്ങളിൽ നിന്നുള്ള സബ്സിഡിയോടുകൂടിയാണ് ഇത് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ